# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5320** **27.07.2015-ൽ മറുപടിക്ക്**

## അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ കോതായിതോട് പാലം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) അയ്യമ്പുഴ-മഞ്ഞപ്ര റോഡിൽ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന കോതായി തോട് പാലത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി), (സി), (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്തു നൽകേണ്ടത് റവന്യൂ വകുപ്പാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗതിയിലാണ്. ആവശ്യമായ ഭൂമി ലഭ്യമായതിനു ശേഷമേ തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. |
| (ബി) 375 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | | |
| (സി) 12.08.2010 ൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ച ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും സാധിക്കാത്തതിന് ഉത്തരവാദികൾ ആരാണെന്നും ഇവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന് കാരണം എന്തെന്നും വിശദമാക്കാമോ; | | |
| (ഡി) നടപടിക്രമങ്ങളിലെ അനാസ്ഥകൾ കൊണ്ട് അനാവശ്യതെറ്റുകൾ വരുത്തി വിശദീകരണ റിപ്പോർട്ടുകൾ ആവശ്യപ്പെട്ട് കോതായിതോട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നത് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ; | | |
| (ഇ) സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | | |

Sabitha

സെക്ഷൻ ഓഫീസർ